2. നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികളാണ് ചെക്പോസ്റ്റ് വഴി കടന്നുപോകുന്നതെന്ന് വ്യാപാരികൾ പ്രസ്താവന നടത്തുന്നു. നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്ക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ ഇത്തരം പ്രവണതകൾ തടയാനും ഇതിലൂടെ വരുമാന വളർച്ച മെച്ചപ്പെടുത്തുവാനും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

3. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ അടിയന്തരമായി നടപടി കൈകൊള്ളുവാനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

4. റബ്ബറിന്റെ ഉൽപാദനവും ഇതിൻമേലുള്ള വാറ്റ് ലഭ്യതയും തമ്മിൽ കടുത്ത അന്തരം നിലനിൽക്കുന്നതിനാൽ, റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇന്ധനവില സംസ്ഥാന നികുതി നിരക്കുകൾ

221 (561) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഒടുവിൽ കേന്ദ്ര സർക്കാർ ഇന്ധനവിലയിൽ നൽകിയ ഇളവുകൾ സംബന്ധിച്ച് വിശദമാക്കാമോ ; ഇന്ധന വിലയിൽ ഇളവ് ലഭിച്ചപ്പോൾ, സംസ്ഥാന നികുതി കൂട്ടുകയുണ്ടായോ ; എങ്കിൽ എത്ര ശതമാനം വർദ്ധന ഏർപ്പെടുത്തുകയുണ്ടായി ;

(ബി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഓരോ ഇനം ഇന്ധനത്തിനും സംസ്ഥാന സർക്കാർ ഇപ്പോൾ ഈടാക്കുന്ന നികുതി നിരക്കുകൾ സംബന്ധിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാർ ഇന്ധന വില നിയന്ത്രണം എടുത്ത് കളഞ്ഞ സമയത്ത് ഇറക്കുമതി നിരക്ക് കുറഞ്ഞപ്പോൾ, ഡീസൽ വില മൂന്നര രൂപയോളം സംസ്ഥാനത്ത് കുറയുകയുണ്ടായോ ; ഇതിനനുസരിച്ച് നികുതി ഇളവ് നൽകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായോ ; എന്നാൽ നികുതി നിരക്ക് കുറയ്ക്കുന്നതിന് പകരം സംസ്ഥാനത്ത് നികുതി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം ഒടുവിൽ, അതായത് ഒക്ടോബർ, നവംബർ മാസങ്ങളിൽ പെട്രോളിന്റെ അടിസ്ഥാന വിലയിൽ ആകെ 3 തവണ കുറവ് വരുത്തിയിട്ടുണ്ട്. ഡീസലിനും ഒക്ടോബർ, നവംബർ മാസങ്ങളിൽ ആകെ 2 തവണ കുറവ് വരുത്തിയിട്ടുണ്ട്. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് പുനഃക്രമീകരിച്ചത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പെട്രോളിന്റെ അടിസ്ഥാന വിലയിൽ 1-10-2014, 15-10-2014 എന്നീ തീയതികളിൽ യഥാക്രമം 0.54 രൂപയുടേയും 1.00 രൂപയുടേയും കുറവ് വരുത്തിയപ്പോൾ നികുതി നിരക്ക് 26.92% നിന്നും 27.42% ആയി പുനഃക്രമീകരിച്ചു. അവസാനമായി 1-11-2014-ന് 2.41 രൂപയുടെ കുറവ് വന്നപ്പോൾ നികുതി നിരക്ക് 27.42% നിന്നും 28.72% ആയി പുനഃക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന വിലയിൽ 19-10-2014-ന് 3.00 രൂപയുടെ കുറവ് വന്നപ്പോൾ നികുതി നിരക്ക് 19.80% ത്തിൽനിന്നും 21.04% ആയും 1-11-2014 ന് 2.25 രൂപയായി കുറച്ചപ്പോൾ 21.04% ത്തിൽനിന്നും 22.07% ആയും നികുതി നിരക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ പെട്രോളിന്റെ നികുതി നിരക്ക് 28.72%-ഉം ഡീസലിന്റേത് 22.07 ശതമാനവുമാണ്. പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് മൂല്യവർദ്ധിത നികുതി നിരക്ക് 5%-ഉം അല്ലാത്തവയ്ക്ക് 14.5%-ഉം ആണ്. ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന പാചക വാതകത്തിന് 5 ശതമാനവും ഗാർഹികേതര പാചകവാതകത്തിന് 14.5 ശതമാനവുമാണ് മൂല്യവർദ്ധിത നികുതി നിരക്ക്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡീസലിന്റെ വില നിയന്ത്രണം കേന്ദ്ര സർക്കാർ എടുത്ത് കളഞ്ഞതിന് ശേഷം 19-10-2014 ന് എണ്ണക്കമ്പനികൾ ഡീസലിന്റെ അടിസ്ഥാന വിലയിൽ 3 രൂപയുടെ കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ ഡീസലിന്റെ വിൽപന നികുതി നിരക്ക് 19.80% ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്ക് 21.04 ശതമാനത്തിൽ നിന്നും 22.07 ആയി ഉയർത്തിക്കൊണ്ടാണ് പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ ഇപ്രകാരം നികുതി നിരക്കിൽ ഉണ്ടായ വർദ്ധനവുവഴി കേന്ദ്ര സർക്കാർ/എണ്ണക്കമ്പനികൾ വില കുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ, അധിക നികുതി ഭാരം ഈ ഉൽപ്പന്നങ്ങൾ മേലിൽ ചുമത്തപ്പെട്ടിട്ടില്ല.

നികുതി പിരിവും നികുതി ഇളവുകളും

222 (562) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ നികുതി ഇനങ്ങളിലായി എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട് ; എത്ര കോടി രൂപയായിരുന്നു പിരിച്ചെടുക്കേണ്ടിയിരുന്നത് ; ഇതിൽ പിരിച്ചെടുക്കാനുള്ളത് എത്ര ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) 2014-15 വർഷത്തിൽ ബഡ്ജറ്റ് നിർദ്ദേശമില്ലാതെ എത്രകോടി രൂപയാണ് അധികമായി (വിവിധയിനങ്ങളിൽ) സംസ്ഥാന സർക്കാർ നികുതി ചുമത്തിയത് ; വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധയിനങ്ങളിലായി നികുതിയിളവുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) ഇപ്രകാരം ഇളവുനൽകിയ ഇനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ നികുതിയുടെ സ്റ്റേറ്റ്മെന്റ് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly